(Pages : 4) **T – 5463**

**Reg. No. : .............................**

**Name : ..................................**

**Fourth Semester M.A. Degree Examination, July 2024**

**Malayalam Language and Literature**

**ML 244-1 : താരതമ്യസാഹിത്യം**

**(2019 Admission Onwards)**

Time : 3 Hours Max. Marks : 75

I. **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) താരതമ്യസാഹിത്യത്തിന്റെ വികാസം, ആവിർഭാവം എന്നിവയുടെ ചരിത്രനിർണ്ണയം എളുപ്പമല്ല എന്ന് പറയുന്നത് എന്തുകൊണ്ട്?

അല്ലെങ്കിൽ

(b) താരതമ്യസാഹിത്യത്തെക്കുറിച്ചുള്ള വിവിധ നിർവ്വചനങ്ങൾ പരിചയപ്പെടുത്തുക.

2. (a) താരതമ്യസാഹിത്യത്തിലെ ഫ്രഞ്ച് സ്കൂളിനെ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) താരതമ്യസാഹിത്യത്തിലെ അമേരിക്കൻ സ്കൂളിനെ പരിചയപ്പെടുത്തുക.

3. (a) താരതമ്യസാഹിത്യത്തിന്റെ വിവിധ സങ്കല്പനങ്ങളിൽ 'ദേശീയസാഹിത്യം' എന്നത് എന്താണെന്ന് വിശദമാക്കുക.

അല്ലെങ്കിൽ

(b) താരതമ്യസാഹിത്യത്തിന്റെ വിവിധ സാഹിത്യസങ്കൽപനങ്ങളിൽ 'വിശ്വസാഹിത്യ'ത്തിന്റെ സവിശേഷതകൾ എന്തെന്ന് വിശദമാക്കുക.

P.T.O.

4. (a) ഗായത്രി സ്പീവാക്, ലെയ്ൻകൂപ്പർ, റെനെ വെല്ലക് എന്നിവരെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

അല്ലെങ്കിൽ

(b) 'വിശ്വമാനവൻ' എന്ന സങ്കൽപ്പത്തിന് താരതമ്യസാഹിത്യത്തിൽ ഉള്ള പ്രസക്തി എന്ത്?

5. (a) 'സാമാന്യസാഹിത്യം' എന്നാലെന്ത്? താരതമ്യസാഹിത്യവും സാമാന്യസാഹിത്യവും തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാം?

അല്ലെങ്കിൽ

(b) 'Death of a Discipline' എന്ന ഗ്രന്ഥവും താരതമ്യസാഹിത്യപഠനത്തിന്റെ പുതിയ കാലവും തമ്മിൽ എപ്രകാരമാണ് ബന്ധപ്പെടുന്നത്?

6. (a) അന്തർവിദ്യാപഠനം - എന്നാലെന്ത്?

അല്ലെങ്കിൽ

(b) താരതമ്യസാഹിത്യപഠനത്തിലെ മാർക്സിയൻ സമീപനത്തെക്കുറിച്ച് വിശദീകരിക്കുക.

7. (a) 'ഗുരുസാഗരം' എന്ന നോവലിന്റെ ഇതിവൃത്തപഠനം തയ്യാറാക്കുക.

അല്ലെങ്കിൽ

(b) ഭാരതീയസ്വാധീനതാപഠനങ്ങളിൽ ബംഗാളി സാഹിത്യകൃതികൾക്ക് മുൻഗണന ലഭിക്കുവാൻ കാരണമെന്ത്?

**(7 × 3 = 21 Marks)**

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) പല ഭാഷകളിൽ രചിക്കപ്പെട്ടാലും ഭാരതീയ സാഹിത്യം ഒന്ന് എന്ന ആശയത്തിന്റെ അടിസ്ഥാനം എന്ത്?

അല്ലെങ്കിൽ

(b) ഗോയ്ഥെ- ചൂണ്ടിക്കാട്ടുന്ന 'സാഹിത്യബോധം' - എന്താണെന്ന് വ്യക്തമാക്കുക.

9. (a) താരതമ്യസാഹിത്യത്തിന് ഏറ്റവും വളക്കൂറുള്ള മണ്ണാണ് ഇന്ത്യ എന്ന വിശ്വാസത്തിന്റെ അടിസ്ഥാനമെന്ത്? പരിശോധിക്കുക.

അല്ലെങ്കിൽ

(b) സാഹിത്യചരിത്രരചനാശാസ്ത്രത്തിന്റെ താരതമ്യപഠനം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട വസ്തുതകൾ എന്തെല്ലാം?

10. (a) സൗന്ദര്യശാസ്ത്ര സംബന്ധിയായ താരതമ്യസാഹിത്യപഠനത്തിന്റെ പ്രസക്തിയെന്ത്?

അല്ലെങ്കിൽ

(b) പ്രത്യക്ഷ സ്വാധീനത, പരോക്ഷ സ്വാധീനത, നിഷേധ സ്വാധീനത എന്നിവകൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

11. (a) രൂപപഠനം എന്നാൽ എന്ത്? ഇത്തരം പഠനത്തിന് തടസ്സമായി വരാവുന്ന കാര്യങ്ങൾ ഏവ?

അല്ലെങ്കിൽ

(b) ചരിത്രാധിഷ്ഠിതം, വിഷയാധിഷ്ഠിതം എന്നീ പ്രമേയപഠനങ്ങൾ എന്തെന്ന് ഉദാഹരണസഹിതം വിശദീകരിക്കുക.

12. (a) നവോത്ഥാനവും താരതമ്യസാഹിത്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുപന്യസിക്കുക.

അല്ലെങ്കിൽ

(b) 'ഗുരുസാഗരം', 'സംസ്കാര' എന്നീ കൃതികളെ താരതമ്യം ചെയ്ത് സമാനതകളെ ക്രോഡീകരിക്കുക.

**(5 × 6 = 30 Marks)**

III. **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) താരതമ്യസാഹിത്യം ഏതുകാലത്തും പ്രസക്തമാകുന്ന ഒരു സാഹിത്യപഠനമേഖലയാണ് എന്ന് പറയുന്നതിന് കാരണമെന്ത്?

അല്ലെങ്കിൽ

(b) താരതമ്യസാഹിത്യത്തിലെ വ്യത്യസ്തമായ പഠന മേഖലകളെ പരിചയപ്പെടുത്തുക.

14. (a) താരതമ്യസാഹിത്യവും വിവർത്തനവും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) താരതമ്യസാഹിത്യത്തിന്റെ പുതിയ ചലനങ്ങളെ പരിശോധിച്ചു അതിന്റെ പ്രസക്തി എന്തെന്ന് വ്യക്തമാക്കുക.

15. (a) സമാനമായ ചരിത്രപ്രതിസന്ധികൾ മനുഷ്യമനസ്സിൽ സമാന പ്രതികരണങ്ങൾ സൃഷ്ടിക്കുന്നു എന്ന കാഴ്ചപ്പാടിനെ മുൻനിർത്തി, സുബ്രഹ്മണ്യഭാരതിയുടെയും വള്ളത്തോളിന്റെയും കവിതകളെ വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) താരതമ്യസാഹിത്യപഠനം ആത്യന്തികമായി സംസ്കാരപഠനമാണെന്നു പറയാമോ? പരിശോധിച്ച് സ്വമതം സ്ഥാപിക്കുക.

**(3 × 8 = 24 Marks)**